**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5288** **02-11-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ നീന്തൽക്കുളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | പ്ലസ് വൺ ഉപരിപഠനത്തിന് ഉൾപ്പെടെ നീന്തൽ അധിക യോഗ്യതയായി പരിഗണിക്കപ്പെടുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് നീന്തൽ പരിശീലനത്തിനായി എല്ലാ ജില്ലകളിലും കേന്ദ്രങ്ങൾ ആരംഭിക്കുന്നത് പരിഗണിക്കുമോ; | (എ) | എല്ലാ മണ്ഡലത്തിലെയും ഒരു സർക്കാർ സ്കൂളിൽ ഒരു നീന്തൽക്കുളം എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ സ്പോർട്സ് കൗൺസിലിന് കീഴിൽ നീന്തൽക്കുളങ്ങൾ പ്രവർത്തിക്കുന്നുണ്ട്; | (ബി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ നീന്തൽക്കുളങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | മലപ്പുറം ജില്ല സ്പോർട്സ് കൗൺസിലിന് കീഴിൽ നീന്തൽക്കുളം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | മലപ്പുറം ജില്ലയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട താഴെപറയുന്ന അഞ്ച് പദ്ധതികളിൽ നീന്തൽക്കുളത്തിന്റെ നിർമ്മാണം ഉൾപ്പെട്ടിട്ടുണ്ട്. 1) എടപ്പാൾ മിനി സ്റ്റേഡിയം 2) നിലമ്പൂർ മിനി സ്റ്റേഡിയം 3) താനൂർ സ്റ്റേഡിയം 4) പൊന്നാനി നിളാതീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ് 5) പി.മൊയ്തീൻകുട്ടി മെമ്മോറിയൽ ഇൻഡോർ സ്പോർട്സ് കോംപ്ലക്സ് . മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിലിന് കീഴിൽ നീന്തൽക്കുളം ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ